## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3250

14.07.2015 ൽ മറുപടിയ്ക്ക്

# പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്; | (എ) | സംസ്ഥാനത്ത് ആകെ 1604 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇവയിലെല്ലാം കൂടി എത്ര കോടി രൂപയാണ് കാർഷിക വായ്പയായി 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുള്ളത്; | (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന 3642.15 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. |
| (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറികളിലും ഭക്ഷ്യ ഉൽപന്നങ്ങളിലും മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന വാർത്തകൾ പുറത്തുവരുന്നതിന്റെ ഭാഗമായി കർഷകർ ജൈവകൃഷിയിലേയ്ക്ക് വലിയതോതിൽ ആകൃഷ്ടരാകുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഇപ്രകാരമുള്ള കാർഷിക വായ്പ കർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് നടപടി | (സി) | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സഹകരണ സ്ഥാപനങ്ങൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെ കാർഷിക വിള വായ്പകൾ വിതരണം ചെയ്തു വരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ നിലവിൽ 7% പലിശ നിരക്കിലാണ് നൽകി വരുന്നത്. ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ 5% പലിശ ഇളവ് നൽകി വരുന്നുണ്ട്. ഇതിന് പുറമെ 31.07.2015 വരെ എടുക്കുന്ന വായ്പകൾക്ക് കേന്ദ്ര ഗവണ്മെന്റിന്റെ |

| | |
|---|---|
| സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | പരമാവധി 3% പലിശ ഇളവും ലഭ്യമാണ്. പൊതുവിൽ ലളിതമായ വ്യവസ്ഥയിലാണ് കാർഷിക വായ്പകൾ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ